സ്റ്റാർട്ട് ആകാത്തതുകൊണ്ട് അങ്ങാടിയിൽകൂടി ഉന്തിക്കൊണ്ടുപോകുന്നതു ആളുകൾ കണ്ടിട്ടുണ്ട്. അത്തരം വാഹനങ്ങൾ റിപ്പയർ ചെയ്യുന്നതിനോ, പുതിയവ വാങ്ങുന്നതിനോ എന്താണ് വൈഷമ്യം ? ഇത്ര പരിഹാസ്യമായ ഏർപ്പാട് ഈ വിഭാഗത്തിൽ ഉണ്ടാകാതിരിക്കുന്നതിന് നടപടി സ്വീകരിക്കാൻ തയാറുണ്ടോ ?

ശ്രീ. പി. ടി. ചാക്കോ: അങ്ങനെ ഉന്തിക്കൊണ്ടുപോകേണ്ടിവന്നിട്ടുണ്ടെങ്കിൽ അതു് അശ്രദ്ധകൊണ്ടു് ഉണ്ടായതായിരിക്കും. അങ്ങനെയുള്ളതെല്ലാം പരിഹരിക്കാൻ കഴിയും. ചില യന്ത്രസാമഗ്രികൾ കിട്ടുന്നതിനു് ബുദ്ധിമുട്ടുണ്ടെന്നേ ഞാൻ പറഞ്ഞതിനു് അർത്ഥമുള്ളൂ.

ശ്രീമതി കുസുമം: ഈ സംസ്ഥാനത്തെ ഫയർ സർവ്വീസ് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു് മോശമാണെന്നും, തീരെ തൃപ്തികരമായ നിലയിലല്ല പ്രവർത്തിക്കുന്നതെന്നുമുള്ള പരാതി പൊതുവിൽ സംസ്ഥാനത്തു് ഉയർന്നുവന്നിട്ടുണ്ടു്. മദ്രാസിൽ ക്ലെക്കുടെ പരീക്ഷിച്ചു് ഇവ പ്രവർത്തനക്ഷമമാണോ എന്നു നോക്കുന്നുണ്ടെന്നും, അതുപോലെതന്നെ പ്രവർത്തിക്കാനുള്ള ആളുകൾ വണ്ടിയിൽതന്നെ തയാറായി ഇരിക്കുന്നുണ്ടെന്നുമാണു് ഞാൻ മനസ്സിലാക്കുന്നതു്. അതുപോലെ ഇവിടെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനു് ഏർപ്പാട് ചെയ്യുമോ ?

ശ്രീ. പി. ടി. ചാക്കോ: ഈ സംസ്ഥാനത്തു് ചെറിയ ഒരു ഡിപ്പാർട്ടുമെൻറാണു് ഇതു്. വേണ്ടിടത്തോളം സ്ഥാനങ്ങളിൽ ഫയർ സ്റ്റേഷൻസും എക്യുപ്പ്മെൻറ്സും ഇല്ലെന്നുള്ളതു ഒഴിച്ചാൽ മദ്രാസ് സംസ്ഥാനത്തെപ്പോലെയുള്ള പരിശീലനമൊക്കെ ഇവിടെയും ഉണ്ടു്.

ശ്രീ. കെ. കൊച്ചുകുട്ടൻ : ഈ ഫയറിഞ്ചിൻസ് എല്ലാ ദിവസവും ടെസ്റ്റുചെയ്യുന്നതിനും മറ്റുമുള്ള എർപ്പാടുണ്ടോ ?

ശ്രീ. പി. ടി. ചാക്കോ: ഉണ്ടു്.

ശ്രീ. കെ. എം. ജോർജ്: തൊടുപുഴ, മൂവാറ്റുപുഴ മുതലായ പ്രദേശങ്ങളിൽ കോട്ടയത്തുനിന്നുംവേണം ഫയറിഞ്ചിൻ വരാൻ. അതുകൊണ്ടു് ഈ സ്ഥലങ്ങൾക്കു് പ്രയോജനപ്പെടത്തക്കവണ്ണം മൂവാറ്റുപുഴ ഒരു ഫയർ സ്റ്റേഷൻ ഉണ്ടാക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. ടി. ചാക്കോ : കേരളത്തിൽ പല സ്ഥലങ്ങളിലും ഫയർ സ്റ്റേഷൻസു് ഉണ്ടാക്കേണ്ടതുണ്ടു്. സാമ്പത്തികമായ കാരണങ്ങളാലാണു് ക്രമേണ ഓരോ സ്ഥലങ്ങളിലായി ഉണ്ടാക്കുന്നതു്.

പദ്ധതിപ്രവർത്തനത്തിനു സംഭരിച്ച പണം

* 840. [11] ശ്രീ. എം. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നുകൊല്ലങ്ങളായി പദ്ധതി പ്രവർത്തനത്തിനു പണം സംഭരിച്ചതു് എങ്ങനെയാണു് ;

(ബി) ദേശീയ സമ്പാദ്യപദ്ധതിയിൽനിന്നും എന്തു പിരിവുണ്ടായി?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) ഇതുസംബന്ധിച്ചുള്ള വിശദവിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെൻറു് മേശപ്പുറത്തുവച്ചിട്ടുണ്ടു്. †

(ബി) 1960-62–ൽ 176 ലക്ഷം രൂപയും, 1961–63-ൽ 94 ലക്ഷം രൂപയും പിരിവുണ്ടായിരുന്നു. ദേശീയസമ്പാദ്യപദ്ധതിയിൽ പ്രൈസ്ബോണ്ടു പിരിവിൻെറ 50 ശതമാനവും, മറ്റിനങ്ങളിലുള്ള പിരിവിൻെറ 66 2/3 ശത

† Appendix I

LIBRARY ARCHIVES Kerala Legislative Assembly

മാനവും പദ്ധതി പ്രവർത്തനങ്ങൾക്കായി ലഭിക്കുന്നതാണു്. അപ്രകാരം, ഒന്നാം വർഷത്തിൽ, 144 ലക്ഷം രൂപയും, രണ്ടാം വർഷത്തിൽ 62 ലക്ഷം രൂപയും ലഭിച്ചു. മൂന്നാംവർഷമായ നടപ്പുവർഷത്തിൽ മതിപ്പു് 150 ലക്ഷം രൂപ ലഭിക്കുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇവിടെ വച്ചിട്ടുള്ള സ്റ്റേറ്റുമെന്റിൽ നിന്നു്, ഈ മൂന്നുകൊല്ലത്തിനിടയിൽ, കരുതൽധനത്തിൽ, ഏഴരക്കോടിയിലധികം രൂപ എടുത്തു ചെലവാക്കിയിട്ടുള്ളതായി കാണുന്നു, അങ്ങനെ ദൈനംദിനം ശോഷിച്ചുവരുന്ന കരുതൽധനസ്ഥിതി ഇനിയും മോശമാകാതിരിക്കാൻ എന്തെങ്കിലും നടപടികൾ ഗവണ്മെൻറു കൈക്കൊണ്ടിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: മേലാൽ എന്തെല്ലാം നടപടികൾ നടത്താൻ നിശ്ചയിച്ചിരിക്കുന്നുവെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല, ഇതിനെ നിയന്ത്രിക്കാനുള്ള ചില നടപടികൾ സ്വീകരിച്ചിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു്: 1961–62–ൽ ദേശീയ സമ്പാദ്യ പദ്ധതിയിൽ 1.4 കോടി രൂപയും, 1962–63–ൽ 1 കോടി രൂപയും പിരിഞ്ഞുകിട്ടിയതായി കാണുന്നു. ഒരു കോടിയായി ചുരുങ്ങാൻ കാരണമെന്തു്; വർദ്ധിക്കേണ്ട കാലഘട്ടത്തിൽ ചുരുങ്ങാൻ കാരണമെന്തു്; ആ പിരിവു മെച്ചപ്പെടുത്താൻ വല്ല പ്രത്യേക നടപടിക്രമവും ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: 1962–63 അവസാനമായതോടുകൂടി പിരിവു കുറയാൻ കാരണം, കൂടുതൽ തുക പ്രതിരോധ ഫണ്ടിലേക്കു് ശേഖരിച്ചതാണു്.

ശ്രീ. ഈ. പി. ഗോപാലൻ: രണ്ടാമത്തെ കൊല്ലം, ഒന്നാമത്തെ അപേക്ഷിച്ചു് പിരിവു കുറവാണെന്നാണു് കാണുന്നതു്. ആ കുറവു് എങ്ങനെ വന്നു; അതിനു കാരണം കണ്ടറിഞ്ഞു്, മൂന്നാമത്തെ കൊല്ലമായ ഈ കൊല്ലത്തിൽ ഈ പദ്ധതികൾ പൊതുവെ, വിശേഷിച്ചു് ലഘുസമ്പാദ്യപദ്ധതി വിജയിപ്പിക്കാൻ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇന്നു ലഘുസമ്പാദ്യപദ്ധതി മന്ദീഭവിച്ചിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: എല്ലാ ഇനങ്ങളിലും കുറവു വന്നിട്ടില്ല. ലഘുസമ്പാദ്യപദ്ധതിയിൽ, 1961–62–ൽ 1.4 കോടി രൂപയും, 1962–63–ൽ 1 കോടി രൂപയുമാണു് പിരിഞ്ഞുകിട്ടിയതു്. കുറവുള്ള വർഷത്തിൽ അവസാനത്തെ 5 മാസക്കാലത്തെ പ്രവർത്തനങ്ങളും പ്രതിരോധ ഫണ്ടിലേക്കു് പണം പിരിക്കാൻ വേണ്ടിയായിരുന്നതുകൊണ്ടു് സ്വാഭാവികമായി കുറവു വന്നിട്ടുള്ളതാണു്. ആ കുറവു ഇനി ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നില്ല.

ശ്രീ. കെ. കൃഷ്ണൻ: കഴിഞ്ഞകൊല്ലം അക്റ്റോബർ മുതൽ ഈ കാലം വരെ എല്ലാ മാസങ്ങളിലും, പാലക്കാടു് ജില്ലയിൽ ലഘുസമ്പാദ്യപദ്ധതിയിൽ, സേവിംഗ്സിനെക്കാളും, വിത്ഡ്രായലാണു് കൂടുതലെന്നു മനസ്സിലാക്കിയിട്ടുണ്ടോ, അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: എല്ലാ മാസത്തിലും അങ്ങനെ കുറവാണെന്നു പറയുന്നതു ശരിയല്ല. ജൂലൈ, ആഗസ്റ്റു മാസങ്ങളിൽ, പാലക്കാടു ജില്ലയിൽ മാത്രമല്ല, മറ്റു ഡിസ്ട്രിക്റ്റുകളിലും ഈ അനുഭവം ഉണ്ടായിട്ടുണ്ടു്. ജൂലൈ, ആഗസ്റ്റു മാസങ്ങൾ കൂടുതൽ വിഷമമുള്ള കർക്കടകം, ചിങ്ങം മാസങ്ങളായതുകൊണ്ടു് സേവിംഗ്സിനെക്കാളും, വിത്ഡ്രായൽ കൂടിയെന്നു വരും. അങ്ങനെ ഒന്നോ രണ്ടോ മാസത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ മാസത്തെ കണക്കും മോശമാണെന്നു കരുതുന്നതു ശരിയല്ല. പാലക്കാടിന്റെ സ്ഥിതി പിന്നീടു് അഭിവൃദ്ധിപ്പെട്ടിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

APPENDIX 1

[*Please see answer to Starred question No.* 840, (11)]

(Details of resources for financing the State Plan)

(Rs. Crores)

Sl. No.	*Items*	1961-62 *Accounts.*	1962-63 *R. E.*	1963-64 *B. E.*	*Total*
1.	Balance from current revenue at 1960-61 rates of taxation	(—) 2·3	6·7	5·4	9.8
2.	Additional taxation	1·1	1·8	7·1	10·0
3.	Loans from Public (Net)	3·8	4·1	2·5	10·4
4.	Share in Small Savings (including Prize Bonds)	1·4	1·0	1·5	3·9
5.	Unfunded debt (net)	0·6	1·1	1·1	2·8
6.	Miscellaneous Capital receipts (net)	(—) 1·2	(—) 8·5	(—) 7·3	(—) 17·0
7.	Contribution of Public enterprises (i) Electricity Board	1·9	1·5	1·9	5·3
	(ii) Other enterprises	0·3	0·2	0·4	0·2
8.	State's Normal resources (1 to 7)	5·6	7·9	12.6	26·1
9.	Withdrawals from reserves and net increase in floating debt	6.7	(—) 1·0	1·9	7·6
10.	State's Total resources including withdrawal from the resources etc.	12·3	6·9	14·5	33·7
11.	Central assistance	14·0	22·7	18·4	55·1
	Aggregate resources for the Plan	26·3	29.6	32·9	88·8

2343